പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2665

17.10.2016 ൽ മറുപടിയ്ക്ക്

## 'ഇ-ഓഫീസ്' സംവിധാനത്തിൽ ഭരണഭാഷയായ മലയാളത്തിനുള്ള പ്രാധാന്യം

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'ഇ-ഓഫീസ്' സംവിധാനത്തിന് ഭരണഭാഷയായ മലയാളം ഉപയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഭരണഭാഷയായി മലയാളം എല്ലാ തലങ്ങളിലും ഉപയോഗിക്കാത്തത് ഇതിന്റെ വ്യാപനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; | (ബി) | യൂണികോഡിലുള്ള മലയാളം ഫോണ്ടുകൾ ഉപയോഗിച്ച് ഇ-ഓഫീസിൽ മലയാളത്തിൽ ആയാസ രഹിതമായി ടൈപ്പിംഗ് സാദ്ധ്യമാകുമെന്നതിനാൽ മലയാളത്തിലുള്ള ഫയലുകൾ വളരെ നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ 'ഇ-ഓഫീസ്' സംവിധാനം പൂർണ്ണമായും മലയാളത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ഇ-ഓഫീസ് ആപ്ലിക്കേഷനിൽ മലയാളത്തിലും ഇംഗ്ലീഷിലും ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികൾ, സംസ്ഥാനത്തിന് പുറമേയുള്ള മറ്റു ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കത്തിടപാടുകളും ഫയൽ കൈകാര്യം ചെയ്യലും പൂർണ്ണമായി മലയാളത്തിൽ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ<br>ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി മലയാളത്തിലാകുന്ന കാര്യം പരിഗണനയിലില്ല. |

Anzo Ram

സെക്ഷൻ ഓഫീസർ